QP CODE: 21103263

21103263

Reg No : .....................

Name : .....................

# UNDER GRADUATE (CBCS) REGULAR / REAPPEARANCE EXAMINATIONS, DECEMBER 2021

**Second Semester**

**Common Course II - ML2CCT08 - കവിതയും നാടകവും**

(Common for all Model II B.A Programmes)

2017 ADMISSION ONWARDS

D7ACE611

Time: 3 Hours

Max. Marks : 80

**പാർട്ട് എ**

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.*

1. സാഹിത്യകാരപരിചയം നടത്തുക ' കുമാരനാശാൻ '
2. സാഹിത്യകാര പരിചയം നടത്തുക. 'കടമ്മനിട്ട രാമകൃഷ്ണൻ'
3. സാഹിത്യകാര പരിചയം നടത്തുക. 'എ.അയ്യപ്പൻ '
4. നവീന മലയാള കവിതയിൽ പി.പി.രാമചന്ദ്രന്റെ സ്ഥാനം അടയാളപ്പെടുത്തുക
5. ഇരുണ്ട നാദത്തിൻ തുരങ്കത്തിൽ നിന്നെത്തുന്ന കവിയുടെ പ്രത്യേകതകൾ എന്തെല്ലാം?
6. ഭൂമിയിലെ ഏറ്റവും വലിയ രാജ്യം തുടങ്ങിയവരുടേത് ആണെന്നു തോന്നുന്നു.. എന്തുകൊണ്ട്?
7. അവരുടെ ചുരുട്ടിയ മുഷ്ടിക്കുള്ളിൽ ജീർണ്ണിച്ച ഒരു പത്തു രൂപാ നോട്ടുണ്ടായിരുന്നു'ആരുടെ? സന്ദർഭം ഏത്?
8. ഓരോരോ കാലത്തിലും 'നാടകത്തിലെ എല്ലാ കഥാപാത്രങ്ങളുടേയും പേരെഴുതുക
9. കഥാപാത്ര നിരൂപണം നടത്തുക. ഓരോരോ കാലത്തിലും - 'പെൺകുട്ടി'
10. പെൺകുട്ടിയെ നഗ്നചിത്രത്തിനരികിലേയ്ക്ക് ബലമായി പിടിച്ചു നിർത്തിക്കൊണ്ട്, ചിത്രത്തെയും അവളെയും ഒരു പോലെ നോക്കിക്കാണുന്നു. വ്യംഗ്യാർ ത്ഥം എന്ത്?
11. കഥാപാത്ര നിരൂപണം നടത്തുക. ഓരോരോ കാലത്തിനും - 'ദേശമംഗലം '

12. താത്രിയെ സ്മാർത്തവിചാരണ ചെയ്യാനുള്ള കൊച്ചി മഹാരാജാവിന്റെ ഉത്തരവ് എഴുതുക

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.*

13. എന്തു മഞ്ഞടുക്കിനാൽ, മരുന്നാൽ......... കഠിന ജ്വരാവേശം? കാവ്യ സന്ദർഭം ഉദ്ധരിച്ച് വിശദമാക്കുക

14. മഹാനഗരത്തിൻ നടുക്കുനിന്നു ഞാൻ അവരുടെ മിണ്ടാവരവും കാണുന്നു ' കവയിത്രിയുടെ കാഴ്ചകൾ എന്തെല്ലാം?വിശദമാക്കുക

15. 'ജീവിതത്തെ ഒന്നെത്തി പിടിക്കുക എന്നല്ലാതെ കവിതയിൽ ഒരാൾ യഥാർത്ഥത്തിൽ മരിക്കേണ്ടതുണ്ടോ? 'മരിച്ചു നോക്കുമ്പോൾ എന്ന കവിത വിശകലനം ചെയ്ത് ഉത്തരം കണ്ടെത്തുക

16. കാത്തു ശിക്ഷിക്കണേ' എന്ന കവിതയുടെ പ്രമേയം എന്ത്? വ്യക്തമാക്കുക

17. പരിചിതമായ ജീവിത സന്ദർഭങ്ങൾ, വാക്കുകളുടെ ദ്വയാർത്ഥ സാധ്യതകൾ, അഭാവങ്ങൾ എന്നിങ്ങനെ ആധുനികാനന്തരതയുടെ പ്രത്യേകതകൾ ഇടകലരുന്ന രചനാരീതിയാണ് 'എസ്.കലേഷി' ന്റേത്.വ്യക്തമാക്കുക

18. 'പെൺകുട്ടിയെ നഗ്നചിത്രത്തിലേയ്ക്ക് തള്ളിവീഴ്ത്തുന്നു. ബ്രഷും കൈകളും ഉപയോഗിച്ച് അവളെ വന്യമായി പെയ്ൻറ് ചെയ്യുന്നു. കാലദേശഭേദമെന്യേ പുരുഷന്റെ കളിപ്പാവയാകാൻ വിധിക്കപ്പെട്ട സ്ത്രീത്വത്തെയല്ലേ ശ്രീജ അവതരിപ്പിക്കുന്നത്? വിലയിരുത്തുക

19. ഒരുമ്പെട്ടെറങ്ങിയാ പിന്നെ പിടിച്ചാ കിട്വാ .അതിന്റെ ഗ്രഹനെലേടെ കേമത്താ നമ്മടൊക്കെ ഉച്ചീലാൻറീശ്വരാ ധൂമകേതുക്കള് ' വക്താവാര്? സന്ദർഭ മേത്?

20. ആധുനിക പെൺകുട്ടിയുടെ രംഗപ്രവേശത്തിലൂടെ താത്രിയുടെ കഥയ്ക്ക് ആധുനികമാനം നൽകുന്നതിൽ ശ്രീജ വിജയിച്ചിരിക്കുന്നു. വ്യക്തമാക്കുക

21. താത്രിയേയും ആധുനിക പെൺകുട്ടിയേയും താരതമ്യം ചെയ്യുക

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.*

22. പെൺ കാമനകളുടെ ആഘോഷങ്ങൾ മലയാള കവിതകളിൽ എപ്രകാരം

ഉൾച്ചേരുന്നു? പഠിച്ച കവിതകളെ ആസ്പദമാക്കി ഉപന്യസിക്കുക

23. പൊതു മനുഷ്യരുടെ രാഷ്ട്രീയ ഉത്കണ്ഠകളെ മടിയോളം സ്വകാര്യമായ അനൗപചാരികതകളിലേയ്ക്ക് കൊണ്ടു ചെല്ലുന്ന കവിയാണ് പി.എൻ.ഗോപീകൃഷ്ണൻ. സോദാഹരണം സമർത്ഥിക്കുക

24. ആർക്കാ ഞാനതിനെ കൊടുക്കവാ? ഇതൊക്കെ അറിയണ ആരെങ്കിലും താത്യേ ' വേൾ കേോാ?'അച്ഛന്റെയും സുഹൃത്തിന്റെയും കാമദാഹം ശമിപ്പിക്കേണ്ടി വരുന്ന സ്ത്രീത്വത്തിന്റെ അവശതകളെ ശക്തമായി അവതരിപ്പിക്കുന്നുണ്ട് ശ്രീജ. നാടകത്തിൽ നിന്ന് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി ഉപന്യസിക്കുക

25. കൊച്ചി വല്യമ്പ്രാൻ തിരുമനസ്സറിഞ്ഞാ വിചാരണ നടത്തി ഭ്രഷ്ടാക്കുംന്ന് .' ആരൊക്കെ കുടുങ്ങും ന്റെ തേവരേ? നമ്പൂതിരിമാരുടെ സാമുദായിക അസ്വസ്ഥതകൾ ഈ സംഭാഷണത്തെ അധികരിച്ച് ഉപന്യസിക്കുക

(2×15=30)